Mathrubhumi
മാതൃഭൂമി
25 May 2022




▶ വാസ്‌വിക് ഗവേഷണ പുരസ്കാരം വ്യവസായി ശ്രീകാന്ത് ബാഡ്‌വേയിൽ നിന്നും ഡോ. എ. ഗോപാലകൃഷ്ണൻ ഏറ്റുവാങ്ങുന്നു

# ഡോ. എ. ഗോപാലകൃഷ്ണന് ഗവേഷണ പുരസ്കാരം

**കൊച്ചി▸** 2020-ലെ വാസ്‌വിക് ഇൻഡസ്ട്രിയൽ റിസർച്ച് പുരസ്കാരം കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണന് ലഭിച്ചു. അഗ്രിക്കൾച്ചറൽ സയൻസ് ആൻഡ് ടെക്നോളജി വിഭാഗത്തിൽ മത്സ്യജനിതക ഗവേഷണ മേഖലയിലെ നേട്ടങ്ങൾ പരിഗണിച്ചാണിത്. പ്രശസ്തിപത്രവും ഒന്നര ലക്ഷം രൂപയുമടങ്ങുന്നതാണ് പുരസ്കാരം.

മുംബൈയിൽ നടന്ന ചടങ്ങിൽ വ്യവസായി ശ്രീകാന്ത് ബാഡ്‌വേയിൽ നിന്നും ഡോ. ഗോപാലകൃഷ്ണൻ പുരസ്കാരം ഏറ്റുവാങ്ങി.